**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയം ഭരണ വകുപ്പ് - മട്ടന്നൂർ നഗരസഭ ചെയർമാൻ 03/03/14 മുതൽ 05/03/14 വരെ ന്യൂഡൽഹിയിലേക്ക് നടത്തിയ യാത്രയ്ക്ക് സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

==========================================================================

**തദ്ദേശ സ്വയം ഭരണ (ഇ.എം.) വകുപ്പ്**

സ.ഉ.(സാധാ) നം. 23/2017/തസ്വഭവ          തിരുവനന്തപുരം, തീയതി, 12.01.2017.

==========================================================================

പരാമർശം:- 1. മട്ടന്നൂർ നഗരസഭാ സെക്രട്ടറിയുടെ 09.06.2016-ലെയും 19/12/2016 ലെയും സി1- 167.07/12 നമ്പർ കത്തുകൾ.

2. നഗരകാര്യ ഡയറക്ടറുടെ 07.09.2016-ലെ ജി3-20294/2016 നമ്പർ കത്ത്.

**ഉത്തരവ്**

സർക്കാരിന്റെ മുൻകൂർ അനുമതിയില്ലാതെ മട്ടന്നൂർ നഗരസഭ ചെയർമാൻ നഗരസഭയുടെ പ്രൊജക്ടുകൾ സമർപ്പിക്കുന്നതിനായി 03/03/14 മുതൽ 05/03/14 വരെയുള്ള തിയതികളിൽ ന്യൂഡൽഹിയിലേക്ക് നടത്തിയ യാത്രക്ക് യാത്രാപ്പടിയായി 18,876/- രൂപ അനുവദിച്ചത് ലോക്കൽ ഫണ്ട് ഓഡിറ്റ് തടസ്സത്തിൽ വച്ചിട്ടുള്ളതാണെന്നും ആയതിനാൽ മട്ടന്നൂർ നഗരസഭ ചെയർമാൻ നടത്തിയ യാത്രയ്ക്ക് സാധൂകരണം നൽകണമെന്നും പരാമർശം (1) പ്രകാരം മട്ടന്നൂർ നഗരസഭാ സെക്രട്ടറി അപേക്ഷിച്ചിട്ടുണ്ട്.

2. മട്ടന്നൂർ നഗരസഭയുടെ പ്രൊജക്ടുകൾ സമർപ്പിക്കുന്നതിനുള്ള സമയപരിധി കഴിയാറായതിനാലും അടിയന്തിര സാഹചര്യം കണക്കിലെടുത്തും സർക്കാരിന്റെ മുൻകൂർ അനുമതിയില്ലാതെ മട്ടന്നൂർ നഗരസഭാ ചെയർമാൻ ന്യൂഡൽഹിയിലേക്ക് നടത്തിയ യാത്രക്ക് യാത്രാപ്പടിയിനത്തിൽ 18,876/- രൂപ അനുവദിച്ച നടപടി സാധൂകരിച്ച് നൽകണമെന്ന് പരാമർശം (2) പ്രകാരം നഗരകാര്യ വകുപ്പ് ഡയറക്ടർ ശുപാർശ ചെയ്തിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പ്രൊജക്ടുകൾ സമർപ്പിക്കുന്നതിനുള്ള സമയപരിധി കഴിയാറായതിനാലും അടിയന്തിര സാഹചര്യം കണക്കിലെടുത്തും മട്ടന്നൂർ നഗരസഭാ ചെയർമാൻ 03/03/14 മുതൽ 05/03/14 വരെയുള്ള തിയതികളിൽ ന്യൂഡൽഹിയിലേക്ക് നടത്തിയ യാത്രയ്ക്ക് സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
എസ്.ഡി.സുനിൽകുമാർ,
ഡെപ്യൂട്ടി സെക്രട്ടറി.

ഡയറക്ടർ, നഗരകാര്യ വകുപ്പ്,തിരുവനന്തപുരം
സെക്രട്ടറി, മട്ടന്നൂർ നഗരസഭ.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
(തദ്ദേശ സ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻ (വെബ് & ന്യൂ മീഡിയ) വകുപ്പ്
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ